(എച്ച്) അറിവില്ല. അതിനാൽ പകർപ്പ് ലഭ്യമല്ല.

(ഐ) വകുപ്പ് 5(2) പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി നികുതി കുറച്ചു നൽകിയിട്ടുണ്ടെങ്കിൽ യഥാർത്ഥമായ നികുതി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്.

(ജെ) 1998-ലെ ധനകാര്യ നിയമം മുഖേന ചേർക്കപ്പെട്ട വകുപ്പ് 5(2) പ്രകാരം നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യതയെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. ആയതുകൊണ്ട് തന്നെ യഥാസമയം നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തേണ്ട കാര്യം വ്യാപാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതില്ല.

കെ.ജി.എസ്.റ്റി.ആക്ടിന്റെ സെക്ഷൻ 5 ഭേദഗതി

45 (3254) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5 ഭേദഗതി വരുത്തിയതിന് കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഇലക്ട്രോണിക്സ് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന എത്ര എസ്.എസ്.ഐ. യൂണിറ്റുകളെ ബാധിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭേദഗതിയിൽ നിലനിന്നിരുന്ന ആശയക്കുഴപ്പംമൂലം പല സ്ഥാപനങ്ങളും 2002 മാർച്ച് വരെ വിൽപ്പന നികുതി ഈടാക്കിയിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തങ്ങൾ പിരിക്കാത്ത നികുതി, പലിശ, പിഴപലിശ സഹിതം ഇപ്പോൾ അടയ്ക്കേണ്ടിവരുന്നതിനാൽ പല സ്ഥാപനങ്ങളും പൂട്ടൽ ഭീഷണി നേരിടുന്നുണ്ടോ ;

(ഇ) ഇത്തരം സ്ഥാപനങ്ങളെ രക്ഷപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബ്രാന്റ് നെയിമിലോ ട്രേഡ് മാർക്ക് പേരിലോ വിൽക്കുന്ന ഉല്പന്നങ്ങളുടെ മേൽ നികുതി ചുമത്തുന്നതിലേക്കാണ് വകുപ്പ് 5-ൽ ഭേദഗതി വരുത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഭേദഗതിയിൽ ആശയക്കുഴപ്പം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. 2002 മാർച്ച് വരെ നികുതി ഈടാക്കാതിരുന്നതിന് കാരണം ആശയക്കുഴപ്പം അല്ല മറിച്ച് വകുപ്പ് 5(2)-ന്റെ നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ട് വ്യാപാരികൾ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജികളിന്മേൽ ലഭിച്ചിരുന്ന സ്റ്റേ ഉത്തരവുമൂലമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിലിപന നികുതി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം ബ്രാന്റ് നെയിമിലോ ട്രേഡ് മാർക്ക് പേരിലോ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് നികുതി പിരിക്കാനും ആയത് സർക്കാരിലേക്ക് അടയ്ക്കാനും വ്യാപാരി ബാദ്ധ്യസ്ഥനാണ്. യഥാസമയം നികുതി പിരിയ്ക്കാതിരുന്നതിന് ഉത്തരവാദി സർക്കാരല്ല. നികുതി പലിശ ഉൾപ്പെടെ അടയ്ക്കേണ്ടി വന്നതുമൂലം ഏതെങ്കിലും സ്ഥാപനം പൂട്ടൽ ഭീഷണി നേരിടുന്നതായി അറിവില്ല.

(ഇ) ബാധകമല്ല.

ന്യൂസ്‌വേ-നെറ്റ്‌വർക്ക് മാർക്കറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം

46 (3255) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂസ്‌വേ എന്ന് ഒരു നെറ്റ്‌വർക്ക് മാർക്കറ്റിംഗ് സിസ്റ്റം രാഷ്ട്രദീപിക ലിമിറ്റഡും അകോൺ പ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് ആരംഭിച്ചതു സംബന്ധിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എന്താണ് പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ന്യൂസ്‌വേയുടെ പേരിൽ സംസ്ഥാനത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും സാമ്പത്തിക ഇടപാടുകൾ നടത്തുകയും ന്യൂസ്‌വേയുടെ അംഗമെന്ന നിലയിൽ ആയിരക്കണക്കിന് ആളുകളെ ചേർക്കുകയും ചെയ്തു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കാര്യം സംബന്ധിച്ച് അന്വേഷണം നടത്തി വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) അകോൺപ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ചെയർമാനും ഡയറക്ടർ ബോർഡ് അംഗങ്ങളും ആരെല്ലാമാണ് ; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ; അഡ്രസ്സും മറ്റു വിവരങ്ങളും എന്താണ് ;

(എഫ്) നെറ്റ്‌വർക്ക് ശൃംഖലയായി പ്രവർത്തിക്കുന്ന ന്യൂസ് വേയിലൂടെ മൊത്തം എത്രപേർ അംഗങ്ങളായി എന്നും ഇവരുടെ മൊത്തം അംഗത്വഫീസും മറ്റ് ആനുകൂല്യങ്ങളും വഴി എത്ര ഉറുപ്പികയുടെ ഇടപാടുകളാണ് പ്രസ്തുത സ്ഥാപനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ജി) കേരളത്തിനകത്തും പുറത്തും വിദേശത്തുമായി എത്ര അംഗങ്ങളാണ് ന്യൂസ്‌വേയിലുള്ളത് ;

(എച്ച്) കേരളത്തിൽ അംഗങ്ങളായവരുടെ ജില്ല തിരിച്ചുള്ള സംഖ്യ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly